Kerala Gazette No. 7 dated 18th February 1975.
**PART III**

## ആററിങ്ങൽ മുനിസിപ്പാലിററി വിജ്ഞാപനം

No. AM. 5-3125/74.

1975 ജനുവരി 27.

ആററിങ്ങൽ മുനിസിപ്പൽ ടൗണിൽ കെട്ടിടങ്ങൾ പണിയുക, നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിയുക, മതിലുകൾ മുതലായവ പണിയുക എന്നിവയ്ക്ക് കേരള മുനിസിപ്പൽ ആക്ടിലെ വിവിധ വകുപ്പുകൾപ്രകാരം അനുവാദം കൊടുക്കുന്നതിന് താഴെ വിവരിക്കുന്ന പ്രകാരം ഫീസ് പുതുക്കി നിശ്ചയിച്ച് മുനിസിപ്പൽ ആക്ററ് 363(3) വകുപ്പനുസരിച്ച് 1-4-1975 മുതൽ ഈടാക്കുന്നതിന് 20-11-1974-ൽ കൂടിയ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതിനാൽ 1-4-1975 മുതൽ താഴെ വിവരിക്കുന്ന പ്രകാരം അനുവാദത്തിനുള്ള ഫീസ് ഈടാക്കുന്നതായിരിക്കുമെന്ന് കേരള മുനിസിപ്പൽ ആക്ററ് സെക്ഷൻ 370 പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധം ചെയ്തുകൊള്ളുന്നു.

| മുനിസിപ്പൽ ആക്ററ് സെക്ഷൻ | വിവരണം | ഫീസ് നിരക്ക് |
|---|---|---|
| (1) | (2) | (3) |
| 231 | കെട്ടിടം പണിയുന്നതിനുള്ള സ്ഥലം അപ്രൂവ് ചെയ്യുന്നതിന് (Site approval) | ഓരോ സ്ഥലത്തിനും 2 രൂപ വീതം. |
| 228, 232, 246 | പുതുക്കലും, കൂട്ടിച്ചേർക്കലും ഉൾപ്പെടെ കുടിലുകൾ ഒഴികെയുള്ള ഏതുതരത്തിലും കെട്ടിടം പണിയുന്നതിനുള്ള അനുവാദം കൊടുക്കുന്നതിന്— | |
| | (i) ഒരു നിലമാത്രമുള്ള കെട്ടിടത്തിന് | 25 ച. മീററർ തറ വിസ്തീർണ്ണത്തിൽ (Plinth area) 2 രൂപയും കൂടുതലായി വരുന്ന ഓരോ 25 ച. മീററിനും അംശത്തിനും 2 രൂപ വീതവും. |
| | (ii) തറവിതാനം അടക്കം രണ്ടു നിലയുള്ള കെട്ടിടങ്ങൾക്ക് | 10 ച. മീററർ തറ വിസ്തീർണ്ണത്തിന് (Plinth area) 10 രൂപയും കൂടുതലായി വരുന്ന ഓരോ 10 ച. മീററിനും അംശത്തിനും 10 രൂപ വീതവും. |
| | (iii) രണ്ടിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾക്ക് | രണ്ടു നില കെട്ടിടത്തിന് നിശ്ചയിച്ചിരിക്കുന്ന ഫീസിന്റെ ഇരട്ടി ഫീസ് |

| (1) | (2) | (3) |
|---|---|---|
| 228, 232, 246 | (iv) പൊതു നിരത്തുകൾ, ഇടവഴികൾ മുതലായ പൊതു സ്ഥലങ്ങൾക്ക് അഭിമുഖമായി പണിയുന്ന മതിലുകൾക്ക് | ഒരു റണ്ണിംഗ് മീറ്ററിന് 25 പൈസ വീതം (ഏറ്റവും കുറഞ്ഞ ഫീസ് 2 രൂപയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു) |
| | (v) സെപ്റ്റിക് ടാങ്ക് കക്കൂസ് പണിയുന്നതിന് | ഓരോന്നിനും 3 രൂപ വീതം |
| | (vi) E. S. P. മാതൃകയിലുള്ള കക്കൂസുകൾക്ക് | ഓരോന്നിനും 1 (ഒരു) രൂപ വീതം |
| | (vii) വാട്ടർ ടാങ്ക് പണിയുക (കെട്ടിടത്തിൽ നിന്നും അകലെയായി) | 5 (അഞ്ച്) രൂപ |
| | (viii) കുളിമുറി പണിയുക | 2 (രണ്ട്) രൂപ |
| 239, 241 | കുടിലുകൾ പണിയുന്നതിനും മാററി പണിയുന്നതിനും മാററം വരുത്തുന്നതിനും | 1 (ഒരു) രൂപ |

9-7-1965-ലും, 22-9-1972-ലും പരസ്യം ചെയ്തിട്ടുള്ള വിജ്ഞാപനത്തിൽ മുനിസിപ്പൽ ആക്ററ് 228, 239 എന്നീ വകുപ്പുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് 1-4-1975 മുതൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(ഒപ്പ്)
കമ്മീഷണർ,
(ആററിങ്ങൽ മുനിസിപ്പൽ കൗൺസിലിനു വേണ്ടി).

മുനിസിപ്പൽ ആഫീസ്,
ആററിങ്ങൽ.